(ബി) ഇൻഡ്യയുടെ ഏതു ഭാഗത്തുനിന്നുമുള്ള ഏതൊരാളിനോടും കമ്മീഷൻ മുൻപാകെ ഹാജരാകുവാൻ സമൻസ് പുറപ്പെടുവിക്കുവാനും ഹാജരാകാൻ നിർബന്ധിച്ച് നടപ്പിലാക്കുവാനും ഒരു സിവിൽ കോടതിയ്ക്കുള്ള എല്ലാ അധികാരങ്ങളും കമ്മീഷനുണ്ട്. അതിനാൽ കമ്മീഷന്റെ സമൻസ് കിട്ടുന്ന ഏതൊരാളും കമ്മീഷന്റെ മുൻപാകെ ഹാജരാകാൻ ബാദ്ധ്യസ്ഥരാണ്.

(സി) ഇല്ല.

(ഡി) 'സി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

അന്വേഷണ കമ്മീഷനുകൾ

136 (1071) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അന്വേഷണ കമ്മീഷനുകളെ നിയമിച്ചിട്ടുണ്ട് ;

(ബി) ഇതിൽ ഏതെല്ലാം അന്വേഷണകമ്മീഷനുകളുടെ റിപ്പോർട്ടുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) ഏതെല്ലാം അന്വേഷണകമ്മീഷനുകളുടെ റിപ്പോർട്ടുകളാണ് സർക്കാർ തള്ളിക്കളഞ്ഞത് ;

(ഇ) എത്ര കമ്മീഷനുകളുടെ കാലാവധി സർക്കാർ നീട്ടിക്കൊടുത്തിട്ടുണ്ട്. വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പത്ത്.

(ബി) 1. ശ്രീ. ജസ്റ്റിസ് വി. ഭാസ്കരൻ നമ്പ്യാർ, കമ്മീഷൻ, ബ്രഹ്മപുരം ഡീസൽ പവർ പ്രൊജക്ട്.

2. ശ്രീ. ജസ്റ്റിസ് വി. ഭാസ്ക്കരൻ നമ്പ്യാർ, കമ്മീഷൻ, ശിവഗിരി പോലീസ് ലാത്തിചാർജ്ജ്.

3. കെ. പി. നാരായണൻ നായർ കമ്മീഷൻ, സർവ്വശ്രീ അടൂർ പ്രകാശ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നീ എം. എൽ. എ. മാർക്ക് നേരെയും കോട്ടയം, തിരുവനന്തപുരം ഡി. സി. സി. ഓഫീസുകൾക്കുനേരെയും നടന്ന പോലീസ് അതിക്രമം.

4. ശ്രീ. കെ. സുധാകരൻ കമ്മീഷൻ, അഡ്വ വി. വി. സ്നേഹ ദേവന് എറണാകുളം വനിതാ പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദനമേറ്റ സംഭവം.

LIBRARY ARCHIVES Kerala Legislative Assembly

5. ശ്രീ. ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോൻ കമ്മീഷൻ 14-1-1999 ന് ശബരിമലയിലുണ്ടായ ദുരന്തം. എന്നീ 5 കമ്മീഷനുകളുടെ റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

(സി) ശ്രീ.ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോൻ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ ഒഴിച്ച് ബാക്കി നാല് കമ്മീഷൻ റിപ്പോർട്ടിന്മേലും സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റ് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ലഭിച്ച അന്വേഷണ കമ്മീഷൻ റിപ്പോർട്ടുകൾ ഒന്നും തള്ളിക്കളഞ്ഞിട്ടില്ല.

(ഇ) ഇപ്പോൾ നിലവിലുള്ള കമ്മീഷനുകളിൽ ശ്രീ. സി. ഖാലിദ് കമ്മീഷൻ, ജസ്റ്റിസ് ജി. ശശിധരൻ കമ്മീഷൻ, ശ്രീ. കെ. പി. നാരായണൻ നായർ കമ്മീഷൻ, ശ്രീ. കെ. തങ്കപ്പൻ കമ്മീഷൻ എന്നീ കമ്മീഷനുകളുടെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്.

പ്രവാസി മലയാളികൾ

137 (1072) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രവാസി മലയാളികൾ ഉണ്ടെന്നും ഏതെല്ലാം രാജ്യത്ത് എത്ര പേർ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവാസി മലയാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് ഗവൺമെന്റ് നൽകാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1998-1999-ൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തിയ സർവ്വേ പ്രകാരം 11.406 ലക്ഷം പ്രവാസി മലയാളികൾ ഉള്ളതായി കണക്കാക്കപ്പെടുന്നു. രാജ്യം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

രാജ്യം	പ്രവാസി മലയാളികൾ (ആയിരത്തിൽ)
സൗദി അറേബ്യ	413.1
യു. എ. ഇ	408.7
കുവൈറ്റ്	52.7
മറ്റ് ഗൾഫ് രാജ്യങ്ങൾ	210.5

LIBRARY ARCHIVES Kerala Legislative Assembly